**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. എം.എ. അഫ്സൽ സീനിയർ ക്ലാർക്കിനെ അന്യായമായി സ്ഥലംമാറ്റിയെന്നതിൻമേൽ സമർപ്പിച്ച OA- 1421/14 അന്യായത്തിൻമേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സ.ഉ.(സാധാ)നം. 1/2015/ത.സ്വ.ഭ.വ** **തീയതി,തിരുവനന്തപുരം,01/01/2015**

---

പരാമർശം:- 1) OA- 1421/14 മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 16/10/2014 ലെ ഉത്തരവ്.
2) പഞ്ചായത്ത് ഡയറക്ടറുടെ 02/12/2014 ലെ ഇ4-37755/14 നമ്പർ കത്ത്.

**ഉത്തരവ്**

പഞ്ചായത്ത് വകുപ്പിൽ ആലപ്പുഴ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ ആഫീസിൽ സീനിയർ ക്ലാർക്കായി ജോലി നോക്കിയിരുന്ന ശ്രീ. എം.എ.അഫ്സലിനെ അന്യായമായി കണ്ണൂർ ജില്ലയിലെ ഉളിക്കൽ ഗ്രാമ പഞ്ചായത്തിലേയ്ക്ക് സ്ഥലംമാറ്റിയെന്ന് കാണിച്ച് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA- 1421/14 അന്യായത്തിൻമേൽ പരാമർശം 1 ലെ ഉത്തരവ് പ്രകാരം ടിയാന്റെ MA1 നിവേദനത്തിൻമേൽ ഒന്നാം കക്ഷിയായ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി പരാതിക്കാരനെ നേരിൽ കേട്ട് ഉത്തരവ് ലഭിച്ച് 2 മാസത്തിനകം തീരുമാനമെടുക്കണമെന്ന് ഉത്തരവായിട്ടുണ്ട്.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം 1 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ. എം.എ അഫ്സലിനെ 26/12/2014 3 മണിയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയ്ക്കുവേണ്ടി അണ്ടർ സെക്രട്ടറി പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ നേരിൽ കേൾക്കുകയുണ്ടായി. ടിയാന്റെ MA1 നിവേദനത്തിൽ 2011 മെയ് മാസത്തിൽ ടിയാന് ആലപ്പുഴ ജില്ലയിൽ സീനിയർ ക്ലാർക്കായി നിയമനം ലഭിക്കുകയും , മിശ്രവിവാഹിതനായ ടിയാനെ നിലവിൽ സേവനമനുഷ്ഠിച്ചിരുന്ന സ്റ്റേഷനിൽ 5 വർഷം പൂർത്തിയാകുന്നതിന് മുൻപായി തന്നെ ജനറൽ ട്രാൻസ്ഫർ നിബന്ധനകൾക്ക് വിരുദ്ധമായി കണ്ണൂർ ജില്ലയിലെ ഉളിക്കൽ ഗ്രാമ പഞ്ചായത്തിലേയ്ക്ക് സ്ഥലംമാറ്റിയിരിക്കുകയാണെന്നും ടി സ്ഥലംമാറ്റം ചില

ഉദ്യോഗസ്ഥരുടെ വൈരാഗ്യം മൂലമാണ് എന്നും അച്ചടക്കനടപടിയ്ക്ക് മുൻപായി ടിയാന് നോട്ടീസ് നൽകിയിട്ടില്ലെന്നും ആയതിനാൽ ടി സ്ഥലംമാറ്റം റദ്ദ് ചെയ്ത് ക്രമക്കേടുകൾക്ക് കൂട്ടുനിന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

മേൽ സ്ഥലംമാറ്റം മിശ്രവിവാഹിതനും രണ്ട് പെൺമക്കൾ അടങ്ങുന്ന കുടുംബ ത്തെ സാരമായി ബാധിച്ചിരിക്കുന്നെന്നും മാനസികമായും സാമ്പത്തികമായും ബുദ്ധിമുട്ടു ന്നുവെന്നും ടിയാന് നൽകിയിട്ടുള്ള കുറ്റപത്രത്തിലെ കാര്യങ്ങൾ വാസ്തവ വിരുദ്ധമാണെന്നും ടി സ്ഥലംമാറ്റം റദ്ദ് ചെയ്യണമെന്നും ടിയാൻ നേരിൽ വ്യക്ത മാക്കുകയുണ്ടായി.

മേൽവിഷയത്തിൻമേൽ ഹിയറിംഗ് ഓഫീസർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ ഫയൽ പരിശോധിക്കുകയും ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്യുകയും ചെയ്തു. ശ്രീ. അഫ്സൽ ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ ഇ3 സെക്ഷന്റെ ചുമതലയുണ്ടായിരുന്ന സമയത്ത് ഒരുവർഷ കാലയളവിൽ ഫയലുകൾ യഥാസമയം സമർപ്പിക്കുകയോ മേലാഫീസുകളിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ട ഫയലുകളിൽ യഥാസമയം റിപ്പോർട്ട് സമർപ്പിക്കുകയോ ചെയ്തിട്ടില്ലെന്നും ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് ടിയാന്റെ പ്രവൃത്തിമൂലം തടസ്സം നേരിട്ടെ ന്നും കൂടാതെ മറ്റ് ജീവനക്കാരുടെ സാന്നിധ്യത്തിൽ സൂപ്രണ്ടിനെ അധിക്ഷേപിക്കുകയും ധിക്കാരപരമായി സംസാരിക്കുകയും ചെയ്തിട്ടുള്ളതായും ഭരണപരമായി രഹസ്യ സ്വഭാവം സൂക്ഷിക്കേണ്ട ഫയലുകളുടെ വിവരം ഓഫീസിൽ നിന്നും ചോർത്തി നൽകിയെന്നും ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ശ്രീ. എം.എ.അഫ്സലിനെ ജില്ലയ്ക്ക് പുറത്തേയ്ക്ക് സ്ഥലം മാറ്റിയതെന്നും ഇതിന്റെ ഭാഗമായി ടിയാന് 27/08/2014 ൽ കുറ്റപത്രവും കുറ്റാരോപണപത്രികയും നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുകയുണ്ടായി.

മേൽ വിഷയം വിശദമായി പരിശോധിച്ചു. അച്ചടക്ക നടപടിയുടെ ഭാഗമായി കുറ്റപത്രവും കുറ്റാരോപണപത്രികയും നൽകിയിട്ടുള്ളതിനാൽ ആലപ്പുഴ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ ആഫീസിൽ സീനിയർ ക്ലാർക്കായി ജോലി നോക്കിയിരുന്ന ശ്രീ.എം.എ അഫ്സലിനെ കണ്ണൂർ ജില്ലയിലെ ഉളിക്കൽ ഗ്രാമ പഞ്ചായത്തിലേയ്ക്ക് സ്ഥലംമാറ്റിയ പഞ്ചായത്ത് ഡയറക്ടറുടെ നടപടി ക്രമപ്രകാരമാണെന്ന് സർക്കാർ

വിലയിരുത്തി. ആയതിനാൽ മേൽ സ്ഥലംമാറ്റ ഉത്തരവ് റദ്ദ് ചെയ്യണമെന്ന ടിയാന്റെ MA1 നിവേദനത്തിൻമേൽ സർക്കാർ ഇപ്പോൾ ഇടപെടുന്നത് ഉചിതമല്ലാത്തതിനാൽ ആയത് പരിഗണനാർഹമല്ല. അച്ചടക്കനടപടി പൂർത്തിയാക്കുന്ന മുറയ്ക്ക് ടിയാന്റെ അപേക്ഷയിൻമേൽ പഞ്ചായത്ത് ഡയറക്ടർ ഉചിതമായ തീരുമാനമെടുക്കേണ്ടതാണ്.

ശ്രീ, എം.എ അഫ്സൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA- 1421/14 അന്യായത്തിൻമേലുള്ള 16/10/2014 ലെ ഉത്തരവ് ഇപ്രകാരം പാലിച്ചിരിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**സെൽവരാജൻ.എൽ**
**ഗവ. അണ്ടർ സെക്രട്ടറി**

1. അഡ്വ.ജനറൽ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ/കണ്ണൂർ.
4. ശ്രീ. അഫ്സൽ എം.എ, ഫാത്തിമ കോട്ടേഴ്സ്, മുല്ലാത്ത് വളപ്പ് വാർഡ്, തിരുവമ്പാടി പി.ഒ, ആലപ്പുഴ- 688 002
5. ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ